**പതിനാലാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.612 24.01.2018-ലെ മറുപടിയ്ക്ക്

## സ്കൂൾ വിദ്യാർത്ഥികളുടെ കായിക വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായ-വാണിജ്യ-കായിക യുവജനകാര്യ വകുപ്പ് മന്ത്രി | |
| (എ) | സർക്കാർ എൽ.പി/യു.പി/ ഹൈ സ്കൂൾ/ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ കായിക വികസനത്തിനായി കായിക വകുപ്പ് ചെയ്ത കാര്യങ്ങൾ വിശദമാക്കുമോ; | (എ) | എൽ.പി.സ്കൂളുകളിലെ കുട്ടികളുടെ കായിക ക്ഷമത ഉറപ്പുവരുത്തുന്നതിനും പ്രൈമറിതലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാനും ലക്ഷ്യമിട്ട് പ്ലേ ഫോർ ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 25 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും സാമ്പത്തിക സഹായത്തിനായി അപേക്ഷിച്ച സ്കൂളുകൾക്ക് സാമ്പത്തിക സഹായവും അനുവദിച്ചു വരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ മികച്ച കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ, വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി 28 കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകളും കൂടാതെ സ്കൂൾ, മാനേജ്മെന്റുകളുടെ സഹകരണത്തോടു കൂടി 26 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും പ്രവർത്തിച്ചു വരുന്നു. ടി ഹോസ്റ്റലുകളിൽ നിലവിൽ 3000 കായിക താരങ്ങൾക്ക് പരിശീലനം |

| | | | |
|---|---|---|---|
| | | | നൽകുന്നതോടൊപ്പം പ്രതിദിനം 200/-രൂപ ബോർഡിംഗ് ലോഡ്ജിംഗ് ഇനത്തിലും, പ്രതിമാസം 100/-രൂപ വാഷിംഗ് അലവൻസായും നൽകി വരുന്നു. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് വിവിധ കായിക ഇനങ്ങളിലായി 103 ഡേ ബോർഡിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സെന്ററുകളിലെ കായിക താരങ്ങൾക്ക് ലഘു ഭക്ഷണത്തിനായി ദിനംപ്രതി 25/-രൂപ നിരക്കിൽ നൽകി വരുന്നു. കൂടാതെ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച കായികക്ഷമതാ മിഷൻ എന്ന പദ്ധതിയിൽ നഴ്സറി തലം മുതൽ യൂണിവേഴ്സിറ്റി തലം വരെയുള്ള വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിനായി ഓപ്പറേഷൻ ഒളിംപ്യ എന്ന പേരിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഇല്ല. 2020, 2024 ഒളിമ്പിക്സുകളിൽ കേരളീയ കായിക താരങ്ങളെ മെഡൽ നേടുന്നതിന് സജ്ജരാക്കുന്നതിന് ആവിഷ്കരിച്ച പരിശീലന പദ്ധതിയാണ് ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി. |
| (സി) | പ്രൈമറി സ്കൂൾ വിഭാഗത്തിലെ കായിക വികസനത്തിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദമാക്കാമോ; | (സി) | പ്രൈമറിതലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സ്ഥലവും സൗകര്യങ്ങളും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുന്നതിനായി പ്ലേ ഫോർ ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (ഡി) | പ്രൈമറി സ്കൂളുകൾക്കായി പഞ്ചായത്ത് തലത്തിൽ കായിക മത്സരങ്ങൾ നടത്താൻ നിലവിൽ സംവിധാനങ്ങളുണ്ടോ; വിശദീകരിക്കാമോ? | (ഡി) | കായിക വകുപ്പിന്റെ കീഴിൽ നിലവിൽ പദ്ധികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**